

# ശ ല ഭ ങ്ങ ൾ

## കുട്ടികളുടെ ഡിജിറ്റൽ മാസിക

LITTLE FLOWER HIGH SCHOOL

NARAKAL

2018 - 2019

welcome


little
KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ
ഇന്ത്യയിലെ കുട്ടികളുടെ
ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മ
www.kite.kerala.gov.in
contact@kite.kerala.gov.in

# LITTLE FLOWER HIGH SCHOOL NARAKALL



# താളുകൾമറിയുമ്പോൾ

എഡിറ്റോറിയൽ ബോർഡ് ..................................

എഡിറ്റോറിയൽ .......................................

സന്ദേശം ..........................................................

സന്ദേശം .......................................................

ആമുഖം..................................................................

ഞാൻ ..................................................................

പ്രളയം വിതച്ച ദുരിതം..........................................

അമ്മ.....................................................................

പക്ഷി..................................................................

ഓസോൺ പാളിയുടെ ശോഷണം...........................

നക്ഷത്രങ്ങൾ ഉണ്ടായ കഥ .....................................

പൊയ്മുഖങ്ങൾ......................................................

വൈക്കം മുഹമ്മദ് ബഷീർ..........................................

ലഹരിയുടെ ദൂഷ്യഫലങ്ങളും പ്രത്യാഘാതങ്ങളും.............

പ്രളയം...................................................................

Sir Issac Newton ....................................................

ROLE OF INDIAN YOUTH.......................................

STUDENTS WANT DEGREE NOT KNOWLEDGE.....

PLEASURE OF READING ..........................................

स्वच्छ भारत अभियान..................................................

मेरा सपना.........................................................................

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ :റെനി .കെ .ടി

സബ് എഡിറ്റർ :ബിനി തോമസ്

സ്റ്റുഡന്റ്  എഡിറ്റർസ് :ആൽവിൻ ആൻഡ്രൂസ് സോസ

അൻസിൽ.കെ.എ

അതുൽ ബിജു

ആധിത്യ  സുനിൽ

ജോർജ് സാബിയോ

ജോഷ്വാ ജോബിൻ

# എഡിറ്റോറിയൽ



**റെനി.കെ.ടി.**

മറ്റൊരാളിൽനിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം സ്വയമായി കണ്ടെത്താവുന്ന ഒന്നാണ് അറിവ്. ഇതിൽ വിവര വിനിമയ സാങ്കേതികവിദ്യയ്ക്ക് ഉള്ള പങ്ക് വലുതാണ്. അതിനാൽ ഐടി സങ്കേതങ്ങൾ സമർഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു.ഇതിന്റെ തുടർച്ചയാണ് ലിറ്റിൽ കൈറ്റ് എന്ന ഈ ഐടി കൂട്ടായ്മ.

ഭാവനയുടെ നിറക്കൂട്ട് ചാർത്തി ഒരു വ്യക്തിയുടെ മനസിൽ രൂപപ്പെടുന്ന സൃഷ്ടികൾ പലതും ശ്രേഷ്ഠങ്ങൾ ആകാം. ഇങ്ങനെയുള്ള സർഗാത്മക സൃഷ്ടികൾക്ക് വേണ്ടവിധത്തിലുള്ള പ്രോത്സാഹനങ്ങൾ ലഭിച്ചാൽ പിന്നീടുണ്ടാവുന്ന സൃഷ്ടികൾ ചിലപ്പോൾ അതിശ്രേഷ്ഠം ആവാം. ' ശലഭങ്ങൾ' എന്ന ഈ മാഗസിനിലൂടെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ കൊടുക്കുന്ന ഈ പ്രോത്സാഹനം കൂടുതൽ കൂടുതൽ ഗുണമേന്മയുള്ള സർഗ്ഗസൃഷ്ടികൾ ഉണ്ടാകുവാൻ ഇടവരട്ടെ........



# സന്ദേശം

**മാനേജർ: Sr.വിമൽ മേരി**

ആധുനികയുഗത്തിൽ ശാസ്ത്രസാങ്കേതിക ഇൻഫോർമേഷൻ രംഗങ്ങളിൽ വമ്പിച്ച നേട്ടങ്ങളാണ് മനുഷ്യൻ കൈവരിച്ചിരിക്കുന്നത്. വിവര വിനിമയ സാങ്കേതികരംഗത്തെ ഈ നേട്ടങ്ങൾ നിശ്ചയമായും അനുഗ്രഹം തന്നെ .പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചുകൊണ്ട് ഇരുപതാം നൂറ്റാണ്ടിന് രൂപ ഭാവങ്ങൾ നൽകി ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് ചലനങ്ങൾ സൃഷ്ടിച്ച വിശുദ്ധ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ തന്നെയാണ് പ്രസ്സും പ്രസിദ്ധീകരണങ്ങളും വഴി കേരളത്തിലെ മാധ്യമങ്ങളുടെ ആദ്യകാല ജനയിതാക്കളിൽ പ്രമുഖൻ എന്ന് ഈ അവസരത്തിൽ ഓർക്കുന്നു.

ഏറെ നന്മകളും ഉപകാരങ്ങളും വരുത്തുന്ന സാങ്കേതികവിദ്യ മനുഷ്യൻറെ തകർച്ചയ്ക്കും തളർച്ചയ്ക്കും തിന്മയിലേക്കുള്ള ഒഴുക്കിന് നിഷേധാത്മകമായ രീതികൾക്കും കാരണമാകുന്നില്ലേ എന്ന ചിന്തിച്ചുപോകുന്നു. ഇതിനുകാരണം സാങ്കേതികവിദ്യ അല്ല. ഉപയോഗിക്കുന്നവരുടെ മനസും മാനസികാവസ്ഥയും ആണ്. അതിനാൽ വേണ്ടവിധത്തിൽ ഈ സാങ്കേതികവിദ്യ ഉപയോഗിക്കാൻ കുട്ടികളെ സജ്ജരാകേണ്ടതാണ് . സർഗ്ഗ സൃഷ്ടികളിൽ വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നിർവഹിച്ച ഈ ഡിജിറ്റൽ മാഗസിനിലൂടെ ഈ വിദ്യാലയത്തിലെ കുട്ടികളുടെ കഴിവുകൾക്കുള്ള പ്രോത്സാഹനമായി തീരട്ടെ എന്ന് ആശംസിക്കുന്നു .ഈ മാഗസിന് വേണ്ടി കുട്ടികളെ സഹായിച്ച എല്ലാ അധ്യാപകർക്കും അനുമോദനങ്ങൾ അർപ്പിക്കുന്നു .ഈ സംരംഭം കൂടുതൽ ഫലമുള്ളവക്കാട്ടെ എന്ന് പ്രാർത്ഥിക്കുന്നു .



പ്രധാനാധ്യാപിക

സിസ്റ്റർ.ജിനി ജോൺ

# സന്ദേശം

നാം ഇന്ന് വികസനത്തിന്റെ പാതയിലാണ്. ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു.എല്ലാതലങ്ങളിലും ഈ ഉയർച്ച ദൃശ്യമാണ് .വിദ്യാഭ്യാസരംഗവും കലത്തിനനുസരിച്ചു മാറിക്കൊണ്ടിരിക്കുന്നു .വിവരസാങ്കേതികവിദ്യയുടെ വളർച്ച വിദ്യാഭ്യാസ രംഗത്തെയും ഉയർന്ന പടിയിലേക്ക് എത്തിക്കുന്നു .സംസ്കാര സമ്പന്നരും മൂല്യബോധമുള്ളവരുമാക്കി മാറ്റുന്ന വിദ്യ തന്നെയാണ് ഏറ്റവും വലിയ സമ്പത്ത് .നന്മ തിന്മ തിരിച്ചറിഞ്ഞ് അജ്ഞാനത്തെ അകറ്റി വെളിച്ചമാകുവാനും വെളിച്ചമേകുവാനും വിദ്യ സഹായിക്കുന്നു .മനുഷ്യ വ്യക്തിയുടെ സമഗ്രമായ വളർച്ചയാണ് എന്നും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം .പഠനത്തോടൊപ്പം പഠ്യേതര പ്രവർത്തനങ്ങളും കുട്ടികളുടെ സർവോന്മുഖമായ വളർച്ചയ്ക്ക് ആവശ്യമാണ്.അന്തർലീനമായി കിടക്കുന്ന സർഗ്ഗവാസനകളെ പുറത്തു കൊണ്ടുവരുവാൻ ,പ്രകാശമാനമാക്കുവാൻ വിവിധ പ്രവർത്തനങ്ങൾക്കു കഴിയും.IT അധിഷ്ഠിതമായ ഈ മാഗസിൻ പ്രകാശനത്തിലൂടെ വിവിധ കഴിവുകൾ കണ്ടെത്തുവാനും അത് പ്രോത്സാഹിപ്പിക്കുവാനും സാധിക്കട്ടെ .എത്ര മാത്രം വളർന്നാലും ഉയർന്നാലും മൂല്യാധിഷ്ഠിതമായ ജീവിതം കാഴ്ചവയ്ക്കുവാൻ സമൂഹത്തിലെ ഉത്തമപൗരന്മാരായി വളരുവാൻ ഓരോരുത്തർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.പ്രാർത്ഥിക്കുന്നു .ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഭാവുകങ്ങൾ നേരുന്നു.എല്ലാ പ്രവർത്തനങ്ങളും വിജയമണിയട്ടെ

# ആമുഖം

വിദ്യാർത്ഥികളുടെ സർഗ്ഗശേഷിയെ പ്രോൽസാഹിപ്പിക്കുന്ന ഇടങ്ങളാണ് വിദ്യാലയങ്ങൾ. അന്തർലീനമായ കിടക്കുന്ന സർഗ്ഗവാസനകളെ പുറത്തുകൊണ്ടുവരുവാൻ, പ്രകാശമാനം ആക്കുവാൻ സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾക്ക് കഴിയും. ഇതിൽ സ്കൂൾ മാഗസിനുകൾക്കുള്ള പങ്ക് വളരെ പ്രാധാന്യമുള്ളതാണ്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈടെക് ആയി മാറിയിരിക്കുന്ന ഈ സാഹചര്യത്തിൽ സർഗ്ഗസൃഷ്ടികളെ ഡിജിറ്റലായി മാറ്റേണ്ടത് അനിവാര്യമാണ്. ഈ ലിറ്റിൽ കൈറ്റ് യൂണിറ്റ് ഡിജിറ്റൽ മാഗസിനായ' ശലഭങ്ങൾ' ഇതിന് ഒരു ചുവടുവയ്പ്പായി മാറട്ടെ



**മരിയ ഗൊരേത്തി**

# ഞാൻ

എനിക്കു ദാഹിച്ചു

നോവിന്റെപാത്രം കിട്ടി

എനിക്കു വിശന്നു

നിങ്ങ ളെന്നെ കള്ളനാക്കി

ഒറ്റ മുണ്ടൂരിഞ്ഞെടുത്തു

ഒറ്റ കെട്ടിൽ കുരുക്കിയിട്ടു

ഞാൻ നിശബ്ദനായി

ലോകം വാചാലരായി

മറു വാക്കിൻ പൊരുളില്ല

ഞാൻ വെറും കെട്ടവൻ

ഒരാദിമവാസി

പകച്ചുനിന്നവൻ

വിറച്ചു നിന്നവൻ

നൊന്തു വീണവൻ

പിന്നിൽ കെട്ടിയ കരങ്ങൾ

മണ്ണിൽ പുതഞ്ഞ കാലുകൾ

തൊഴിച്ചു, ചവിട്ടി വീണ്ടും തൊഴി

പകയുടെ താണ്ഡവം

വെറുപ്പിൻഅട്ടഹാസം

നിശബ്ദം! നിശബ്ദനായവൻ

മറുവാക്കില്ലാത്തവൻ

മറുമൊഴിയി ല്ലാത്തവൻ

വിശന്നവന്റെ നിലവിളി

തൊണ്ടയിൽ കുരുങ്ങികിടന്നു

കണ്ടുകെട്ടി വിചാരണക്കോടതി

ആളധികാരത്തിൽ ചോദ്യ വേള

കൽപിത വിധികാതോർത്തുനിന്നു

പിന്നിൽ നിന്നും അടി

നുറുങ്ങിയ വാരിയെല്ല്

പിടിച്ചുനിന്നു ദയ തേടി നിന്നു

വിചാരണ നീണ്ടുപോയി

വണ്ടിയിലെത്തി ഏമാന്മാരും

സെൽഫിക്കാർ  തിരക്കുകൂട്ടി

നിസ്വൻ, നിരാലംബൻ, വിവസ്ത്രൻ............

അടിക്കുറിപ്പിൽ അമർത്തി ചിരി

ലൈക്കുകൾ വാരിക്കൂട്ടി

തിരിഞ്ഞുനോക്കി കനിവുതേടി

കളവുമുതൽ തിട്ടപ്പെടുത്തി

ഒരുപിടി അരി.........

ഒരുപിടി അരി വിശപ്പകറ്റാൻ

വിശപ്പിൻറെ ആവിയിൽ വെന്തിരുന്നു

പണ്ടൊരാളെപിടിച്ചു കെട്ടി

നസ്രായൻ മുൾക്കിരീടം കെട്ടിയവൻ

മുഖച്ഛായ അല്പം മാറിയോ

മാറിയില്ല മാറ്റിയില്ല

പക,വെറുപ്പ് , അധികാരം....

കരുത്തില്ലാത്തവനെ

തിരിഞ്ഞു കൊത്താനാവാത്തവനെ

നാവു പറിക്കുന്ന പ്രത്യയശാസ്ത്രം

അമ്പത്തൊന്നോ  നാല്പത്തൊന്നോ

വെട്ടുകൾ വെട്ടി നുറുക്കി

ഊറ്റി ഊറ്റിയെടുത്തു സ്വപ്നങ്ങൾ

കാണട്ടെ ലോകം നാണം  കെടട്ടെ

കെട്ടമനസ്സിന്റെ

നിറം കെട്ടനാടിന്റെ

പുണ്ണുപുരണ്ട വാക്കിന്റെ

ഉടമയെ കണ്ടോ?

അലിവിൻ നനവില്ലാത്തവൻ

കരുണതൻ കരമില്ലാത്തവൻ

വിങ്ങലിൻ നോവറിയാത്തവൻ

നോവിൽ കുത്തി കൊതിയാറ്റുന്നവൻ

ദൈവത്തിന്റെ സ്വന്തം നാട്ടിലെ

പച്ചപരിഷ്ക്കാരി ഞാൻ..... മലയാളി.



ആർദ്ര പി. ആർ. VIIIC

# <u>പ്രളയം വിതച്ച ദുരിതം</u>

മനുഷ്യ നീ മറക്കുന്നു പ്രകൃതിയെ
നിന്റെ സ്വാർത്ഥ ലാഭങ്ങൾക്കായി...
ഫലമായി നിനക്ക് നൽകുന്നു പ്രകൃതി
പ്രളയം പ്രകൃതിതൻ പ്രതിഷേധമായി

കണ്ടില്ലേ പ്രളയത്തിൽ കെടുതികൾ
അറിഞ്ഞില്ലേ പ്രളയത്തിൽ തീവ്രത
സ്നേഹിക്കു പ്രകൃതിയെ ഇനിയെങ്കിലും
പ്രാണവായുപോലെ വരും തലമുറയ്ക്കായി

മറക്കരുത് ഈ ദുരിത ദിനങ്ങളെ
കൈകോർക്കാം നമുക്ക് നല്ലൊരു നാളേയ്ക്കായി
ജാതിഭേതമന്യ അണിചേരാം നമുക്ക്
ഒരു നവകേരളത്തെ സൃഷ്ടിക്കാം



**അഞ്ജന കെ.പി**

# അമ്മ

എനിക്ക് എന്നും പുഞ്ചിരിയാണമ്മ
എൻെറ ആദ്യ കണ്ണീർത്തുള്ളിയിൽ
പുഞ്ചിരി ത്തുകിയ അമ്മ.
ഇരുളായിരുന്ന എന്റെ ജീവിതത്തിലേക്ക്
സ്നേഹദീപമേന്തി വന്നു
എന്റെ നാവിൻതുമ്പിൽ നിന്നാ-
ദ്യമായ് പൊഴിഞ്ഞ സ്നേഹ നാമം
എന്റെയെല്ലാ ചോദ്യങ്ങളുടെയും
ഉത്തരം ആ സ്നേഹനാമമായിരുന്നു.
ഞാൻ കാലിടറിവീണ വഴികളിൽ
കൈത്താങ്ങായി എന്റെ അരികിൽ വന്നു.
അമ്മയുടെ നിറമാർന്ന വാക്കുകളും
മധുരമാർന്ന ചുംബനങ്ങളും
എന്റെ ലോകത്തെ ഈറനണിയിച്ചു.
അമിഞ്ഞ പാലിന്റെ മാധുര്യം നുണഞ്ഞ
സ്നേഹം എനിക്ക് ലഭിക്കപ്പെട്ടെ അമൃതായി,
എന്റെ കുസൃതികളും കുറുമ്പുകളും
അമ്മയുടെ ലാളനമായിരുന്നു.
ആ മാറിൽ ചാഞ്ഞുനിദ്രയിലാഴ്ന്ന,
ആ സ്നേഹച്ചൂട് എന്നും എന്റെ ഓർമ്മകളാണ്
അമ്മ; ഏറ്റവും സുന്ദരമായ ലോകം
എന്റെ മനസ്സിന്റെ കണ്ണാടി
എന്റെ സ്നേഹത്തിന്റെ പര്യായം
കണ്ണടയുന്നതുവരെ കണ്ണിൽ മായാതെ നില്ക്കുന്ന
ഛായചിത്രമാണ് എനിക്കെന്റെ അമ്മ...





**ആകാശ് .ടി.ബി 8D**

# പക്ഷി

ഞാൻ കാണാറുണ്ട് അവളെ
നീലപായവിരിച്ച ആകാശത്തിലൂടെ
മഞ്ഞുമെത്തക്കൾക്കിടയിലൂടെ
അവൾ പായുന്നത് .
അന്തരീക്ഷത്തിലെ നിശബ്ദ്ദയെ
തള്ളിനീക്കി,
അവളുടെ മധുരശബ്ദ്ദങ്ങൾ മുഴങ്ങുന്നു
പലതരത്തിലും പലവേഷത്തിലും
ഞാൻ അവളെ കണ്ടു.
മനസ്സിനെ തൃപ്തിപ്പെടുത്തുന്ന
അവളുടെ കുയിൽ നാദം
ഗാനഗന്ധർവനെ തോൽപ്പിക്കുന്ന
നാദം
പാരിന്റെ അനുഗ്രഹമായ്
നീ എങ്ങും എവിടെയും വാഴട്ടെ ...



ദിയ വിൻസന്റ് XA

# ഓസോൺ പാളിയുടെ ശോഷണം

ഭൂമിക്കൊരു കുട പോ ലെ വർത്തിക്കുന്ന ഒരു പാളിയാണ് ഓസോൺ പാളി .ഓസോൺ പാളി നിരവധി പാരിസ്ഥിതിക പ്രവർത്തനങ്ങളിൽനിന്നും നമ്മെ സംരക്ഷിക്കുന്ന ഓസോൺ എന്നത് കഠിനമായ ഒരു പടലം അല്ല അത് ഓസോൺ വാതകത്തിന് കൂട്ടമാണ് . 3 ഓക്സിജൻ തന്മാത്രകൾ ചേർന്നാണ് ഓസോൺ പാളി രൂപപ്പെടുന്നത്.ഓക്സിജൻ മറ്റൊരു ഓക്സിജനുമായി ചേരുമ്പോൾ അതിലെ ഒരു ആറ്റം വേർപെട്ട് ഓക്സിജൻ തന്മാത്രയും ആയി ചേരുന്നു. അങ്ങനെ O3 അഥവാ ഓസോൺ രൂപപ്പെടുന്നു. അന്തരീക്ഷത്തിലെ ഓക്സിജന്റെയും ഓസോണിന്റെയും അളവ് മാറിക്കൊണ്ടിരിക്കും. ഓക്സിജൻ ഓസോൺ ആയും ഓസോൺ ഓക്സിജൻ ആയും മാറും. ഇത് ഒരു ചാക്രിയ പ്രതിഭാസമാണ്.

പ്രകൃതിയെയും അതിൻറെ ജീവജാലങ്ങളെയും സംരക്ഷിക്കുന്നതിൽ ഓസോൺ നന്നായി സ്വാധീനം ചെലുത്തുന്നുണ്ട്. സൂര്യനിൽനിന്നുള്ള അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ പതിക്കാതെ സംരക്ഷിക്കുന്നു. അൾട്രാവയലറ്റ് രശ്മികൾ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നതോടൊപ്പം നിരവധി രോഗങ്ങൾക്കും കാരണമാകുന്നു.

ത്വക്‌രോഗ ക്യാൻസർ അൾട്രാവൈലറ്റ് വികിരണങ്ങളുടെ ഫലമായുണ്ടാകുന്നതാണ്. മനുഷ്യനെ മാത്രമല്ല സസ്യങ്ങളെയും ഇത്

പ്രതികൂലമായി ബാധിക്കും. അൾട്രാവയലറ്റ് വികിരണങ്ങൾ മണ്ണിൽ പതിച്ചാൽ നിരവധി സസ്യങ്ങൾ ഇല്ലാതാകുന്നതിന് കാരണമാകും.

വൻതോതിലുള്ള കൃഷിനാശം ഭക്ഷ്യ ഉൽപ്പാദനത്തെ ബാധിക്കുകയും ഭക്ഷ്യലഭ്യത താറുമാറാക്കുകയും ചെയ്യുന്നു. മണ്ണിൽ വസിക്കുന്ന നിരവധി ഉപകാരികളായ സൂക്ഷ്മജീവികളുടെ നാശത്തിനു കാരണമാകുന്നു .ഉദാഹരണമായി മണ്ണിൽ നൈട്രജൻ അളവ് ഉയർത്താൻ കഴിയുന്നത് റൈസോബിയം ബാക്ടീരിയയുടെ പ്രവർത്തനത്താൽ ആണ്. റൈസോബിയം ബാക്ടീരിയ നൈട്രജൻ സ്ഥിരീകരണ ത്തിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. അൾട്രാവയലറ്റ് വികിരണങ്ങൾ അമിതമായി മണ്ണിൽ പതിയുന്നത് അവയുടെ നാശത്തിന് കാരണമാകുന്നു. ഇത്തരത്തിൽ ജീവിതത്തിൻറെ വിവിധ മേഖലകളിൽ സ്വാധീനം ചെലുത്തുന്ന ഓസോൺ പാളിയെ സംരക്ഷിക്കേണ്ടതാണ്. അതിനായാണ് സെപ്റ്റംബർ 16 ഓസോൺ ദിനമായി നാം ആചരിക്കുന്നത്.


ക്ലോറോഫ്ലൂറോ കാർബണുകളുടെ ഉപയോഗം പരമാവധി കുറയ്ക്കുക. ക്ലോറോ ഫ്ലൂറോ കാർബൺ നാം എന്നും ഉപയോഗിക്കുന്ന സ്പ്രേ ,പെയിന്റ് ,റെഫ്രിജറേറ്റർ എന്നിവയിൽ അടങ്ങിയിരിക്കുന്നു. ഇവ ബ്രോമിൻ തുടങ്ങിയ വാതകങ്ങളുടെ സ്രോതസ്സാണ്. ഉയർന്നുപൊങ്ങി ഓസോൺ പാളികളിൽ എത്തിയാൽ അവിടെ ലക്ഷക്കണക്കിന് സൂക്ഷ്മ സുഷിരങ്ങൾ ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇതാണ് ഓസോൺ പാളിയുടെ ശോഷണം എന്നറിയപ്പെടുന്നത്. അങ്ങനെ വന്നാൽ ഓസോൺ വിടവുകളിലൂടെ അൾട്രാ വൈലറ്റ് വികിരണങ്ങൾ ഭൂമിയിൽ പതിക്കുന്നു. മാത്രമല്ല  പ്ലാസ്റ്റിക് കത്തിക്കുമ്പോഴും വാഹനങ്ങളിൽനിന്നു വരുന്ന പുകയും കാർബൺ സ്രോതസാണ്.ഇവ അന്തരീക്ഷത്തിൽ താപം വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഇന്ന് നിരവധി രാജ്യങ്ങളിൽ

ഓസോൺ നിയന്ത്രണ വിധേയമായിട്ടുണ്ട്. നമ്മെ സംരക്ഷിക്കുന്ന നമ്മേ പരിചരിക്കുന്ന ഓസോൺ പാളിക്ക് പരിചരണംനൽകാൻ നമ്മൾ ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു. അതുകൊണ്ടു തന്നെ ആ കവചത്തെ നമുക്ക് സംരക്ഷിക്കാം. ക്ലോറോ ഫ്ലൂറോ കാർബൺ ഉപയോഗം പരമാവധി കുറയ്ക്കാം .ആരോഗ്യത്തോടെ മുന്നേറാം...





GIFT THOMAS-XA





RELNA NEHA VAS-IX C







**അലീന റോസ് XB**

# നക്ഷത്രങ്ങൾ ഉണ്ടായ കഥ

ഒരിടത്തൊരിടത്ത് ആകാശത്ത് ജീവിച്ചിരുന്ന ഒരു രാജാവുണ്ടായിരുന്നു രാജാവിൻറെ പേരാണ് സെറക് . അദ്ദേഹത്തിന്റേത് ഒരു മനോഹരമായ കൊട്ടാരമായിരുന്നു .അവിടെ അതിമനോഹരമായ ഒരു കണ്ണാടി ഉണ്ടായിരുന്നു അത് രാജാവിൻറെ മുറിയിലായിരുന്നു അത് വെറും കണ്ണാടി ആയിരുന്നില്ല . രത്ന കല്ലുകളുള്ള മാന്ത്രിക കണ്ണാടിയായിരുന്നു. ഒരു യുദ്ധം നടക്കുന്നതിനിടയിലാണ് അത് സെറക് രാജാവിൻറെ കയ്യിൽ കിട്ടിയത്. എന്നും രാജാവ് ആ കണ്ണാടിയിൽ തൻറെ മുഖം നോക്കിയിട്ടേ എവിടെയും പോകാറുണ്ടായിരുന്നു. പക്ഷേ ആ കണ്ണാടി തൊടാനോ കാണാനോ ആർക്കും അനുവാദമുണ്ടായിരുന്നില്ല. അങ്ങനെ ഇരിക്കെ ഒരുദിവസം രാജാവിൻറെ കൊട്ടാരത്തിലേക്ക് ഒരു യുവാവ് കടന്നുവന്നു. അവൻ വളരെ ബുദ്ധിശാലിയും വിവേകം ഉള്ളവനും ആയിരുന്നു. അവൻറെ പേരാണ് സെബാദിയ . അവൻ രാജാവിനോട് പറഞ്ഞു." എനിക്ക് ഒരു ജോലി വേണം'. അപ്പോൾ രാജാവ് പറഞ്ഞു."എങ്കിൽ നീ എൻറെ കൊട്ടാരം വൃത്തിയായി നോക്കണം അതായിരിക്കും ഇനി ഇവിടെ

നിൻറെ ജോലി''. അവൻ സമ്മതം മൂളി. രാജാവ് പറഞ്ഞു. ''പക്ഷേ നീ എൻറെ മുറിയിലിരിക്കുന്ന കണ്ണാടിയിൽ സ്പർശിക്കുവാനോ നോക്കുവാനോ പാടില്ല. സെബാദിയ സമ്മതിച്ചു. പിന്നീട് അവൻ തന്റെ ജോലിയിൽ മുഴുകി. അപ്പോഴും അവന്റെ മനസ്സിൽ ആ കണ്ണാടി കണ്ടെത്തണം എന്നുള്ള ജിജ്ഞാസ വളർന്നു. അവൻ രാജാവിന്റെ മുറി മുഴുവനും അന്വേഷിച്ചു. പക്ഷേ കണ്ണാടി കണ്ടെത്താൻ കഴിഞ്ഞില്ല. ഒടുവിൽ അവൻ അത് കണ്ടെത്തി. പക്ഷേ അവന് അതിൽ തൊടാൻ ഭയമായിരുന്നു. രാജാവ് ഇല്ലാത്ത സമയം നോക്കി കണ്ണാടി തൊടണം എന്ന് അവൻ തീരുമാനിച്ചു. ഒരുദിവസം രാജാവില്ലാത്ത സമയം നോക്കി അവൻ മുറിയിൽ കയറി. കണ്ണാടിയെ മെല്ലെ തടവി. പെട്ടെന്ന് അവന്റെ കൈയിൽനിന്ന് അത് വഴുതി താഴേക്കു വീണു. വീണതും കണ്ണാടി തകർന്ന് തരിപ്പണമായി. രാജാവ് കണ്ടാൽ തനിക്ക് ശിക്ഷ കിട്ടുമെന്ന് അവന് ഉറപ്പായിരുന്നു. ആകെ പരിഭ്രമമായി. അവന്റെ മുൻപിൽ ഒരു വഴിയേ ഉണ്ടായിരുന്നുള്ളൂ. അവൻ ആ ചില്ലുകളെല്ലാം പെറുക്കിയെടുത്ത് മുറ്റത്തേക്ക് വലിച്ചെറിഞ്ഞു. പക്ഷേ അവയെല്ലാം മേഘ ത്തിലേക്ക് ഉയർന്നുപൊങ്ങി. അപ്പോൾ രാജാവ് മുറിയിലേക്ക് കടന്നുവന്നു .അദ്ദേഹം കണ്ട കാഴ്ച മനസ്സിനെ കുളിരണിയിപ്പിക്കുന്നതായിരുന്നു. അത് മറ്റൊന്നുമായിരുന്നില്ല. തിളങ്ങുന്ന നക്ഷത്രങ്ങളായിരുന്നു. അതു കണ്ടതും രാജാവ് പറഞ്ഞു. ഇത്രയും നാൾ ആരുംകാണാതെ ഞാൻ ഒളിപ്പിച്ചു വച്ചിരുന്നത് എല്ലാവരും കണ്ട് ആസ്വദിക്കേണ്ട കാഴ്ചയായിരുന്നു. എന്നിട്ട് അദ്ദേഹം അവയ്ക്ക് പേരും നൽകി'' നക്ഷത്രങ്ങൾ''. ഇങ്ങനെയൊരു മനോഹരമായ വസ്തു കണ്ടുപിടിച്ച സെബാദിയയ്ക്ക് രാജാവ് നിറയെ സമ്മാനങ്ങളും നൽകി..

★ ★ ★ ★ ★ ★ ★ ★ ★ ★




JOSE GEORGE.P

മിനി കഥ

# പൊയ്മുഖങ്ങൾ

രാവിലെ ഉണർന്ന് പ്രഭാത കർമ്മങ്ങളൊക്കെക്കഴിഞ്ഞ് അമ്മ കൊടുത്ത കട്ടം കാപ്പി കുടിക്കുമ്പോൾ ഗോപീകൃഷ്ണനു തോന്നി ഇന്ന് ക്ലാസില്ലാത്തതിനാൽ പാടത്തെ കുളത്തിൽനിന്നും ചൂണ്ടയിട്ട് മീൻ പിടിക്കാം. ചായ ഒറ്റവലിക്ക് മോന്തി ചൂണ്ടേം കൂടയുമെടുത്ത് വീടിന്റെ പിന്നാമ്പുറത്തുള്ള തൊടിയിലെ തെങ്ങിൻ തടത്തിലും, തോട്ടുവരമ്പത്തും കോലുകൊണ്ട് തോണ്ടിക്കിട്ടിയ ഞാഞ്ഞൂളിനെയെല്ലാം തീപ്പെട്ടിയിലാക്കി കൂട്ടുകാരൻ പത്രോസിന്റെ വീട്ടിലേക്ക് യാത്ര തുടങ്ങി . വാരിവച്ച് പടികെട്ടിയിരിക്കുന്ന ഓലമേഞ്ഞ വീടിന്റെ മുൻവശത്തുള്ള തെങ്ങിൽ ഒരു അണ്ണാറക്കണ്ണൻ ഇരുന്നു ചിലക്കുന്നു. മുറ്റത്ത് കോഴിയും കുഞ്ഞുങ്ങളും എന്തോ ചികയുന്നുണ്ട്. വീടിന്റെ ഇളംതിണ്ണയിൽ പൂച്ച കിടന്നുറങ്ങുന്നു. എന്തുകൊണ്ടും പത്രോസിന്റെ ഒറ്റപ്പെട്ട വിട് വളരെ മനോഹരമാണ്. വീട്ടുപടിക്കലെത്തിയ ഗോപി നീട്ടി വിളിച്ചു "പത്രൂ............" വിളി കേട്ട മാത്രയിൽ വീടിനകത്തുനിന്നു പത്രു പ്രതിധ്വനിച്ചു "ദാ വരണടാ........ഇന്നെങ്ങോട്ടാ"?. "കുളത്തിൽ ചൂണ്ടയിടാം". വള്ളിക്കളസം വലിച്ചുകുത്തി വാതിൽക്കൽ പത്രു പ്രത്യക്ഷപ്പെട്ടു . ചായ്പ്പിൽ തിരുകി വച്ചിരുന്ന ചൂണ്ട വലിച്ചൂരി മുറ്റത്തേക്കു ചാടുമ്പോൾ അമ്മയുടെ അകത്തു നിന്നുള്ള താക്കീത് "വെള്ളത്തിലിറങ്ങരുത്". ഒട്ടും സമയം കളയാതെ പത്രുവും ഗോപിയും പാടവരമ്പത്തുകൂടെ ഓടി .ദാണ്ടെ പാടത്തിന്റെ ഓരത്തുകൂടി വടിയും കുത്തി ഒറ്റടിവച്ച് വരുന്നു ഒരു ഭിക്ഷക്കാരൻ . വളർന്നു തൂങ്ങിയ താടിമീശയും അൽപ്പമാത്രമായ വസ്ത്രങ്ങളും കണ്ടപ്പോൾ പത്രുവിന് ആ പാവത്തോട് അനുകമ്പ തോന്നി. മിഠായി വാങ്ങാൻ കീശയിൽ കരുതിയിരുന്ന അഞ്ചുരൂപാതുട്ട് ധൃതിയിൽ എടുത്ത് ഭിക്ഷക്കാരന്റെ പാത്രത്തിലേക്കെറിഞ്ഞു. ആ വിടർന്ന കണ്ണുകളിലേക്ക് ഏറെ നേരം നോക്കിനിൽക്കാതെ പത്രു ഗോപിയുടെ പുറകേയോടി. പാടത്തിന്റെ മറുകരയിൽ ഇടതൂർന്ന കുറ്റിച്ചെടികൾക്കരികിലെ കുളത്തിലേക്ക് അവർ എടുത്തു ചാടി. മീൻ പൊങ്ങിവരുന്നത് തക്കം പാർത്തിരുന്ന പൊൻമാൻ കൂട്ടങ്ങൾ ഭയന്ന് ചിലച്ചുകൊണ്ട് പറന്നുപോയി. ചൂണ്ടക്കൊളുത്തിൽ ഞാഞ്ഞൂളിനെ കൊരുത്ത് വെള്ളത്തിലേക്കെറിയുമ്പോൾ ഗോപി ചിന്തിച്ചു. ഇന്നുച്ചക്ക് വറുത്ത മീൻ കൂട്ടി സുഭിക്ഷമായി ചോറുണ്ണണം. വായിൽ വെള്ളമൂറി .അപ്പോഴാണ് പടക്കം പൊട്ടുന്നതുപോലെ കാതടപ്പിക്കുന്ന ഒരു ശബ്ദം കേട്ട് ഗോപി ഞെട്ടിയത്. തലേദിവസം സെക്കന്റ്ഷോ സിനിമാ കാണാൻ പോയതിനാൽ ക്ലാസിലിരുന്ന് ഉറങ്ങിപ്പോയ ഗോപീകൃഷ്ണനെ ഉണർത്താൻ ക്ലാസ് ടീച്ചർ ഡസ്കിൽ ചൂരൽകൊണ്ടടിച്ച ശബ്ദമായിരുന്നു അതെന്ന് തിരിച്ചറിയാൻ അൽപ്പ സമയം വേണ്ടിവന്നു.





**ആൻ മരിയ .കെ .പി X C**

# <u>വൈക്കം മുഹമ്മദ് ബഷീർ</u>

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വതന്ത്ര്യ സമര സേനാനിയും ആണ് ' ബേപ്പൂർ സുൽത്താൻ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ.

1903 ജനവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കത്ത് ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമികവിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം സ്കൂളിൽ. രസകരവും സാഹസികവും ആയിരുന്ന സ്കൂൾ ജീവിതം. കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽനിന്നും ഒളിച്ചോടിയതാണ് ബഷീറിൻറെ ജീവിതത്തിൽ വഴിത്തിരിവായത്.

" താൻ ഗാന്ധിയെ തൊട്ടു" എന്ന പിന്നീട് അഭിമാനത്തോടെ അദ്ദേഹം പറഞ്ഞിട്ടുമുണ്ട്.1930 ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിൽ അദ്ദേഹം ജയിലിലായി. തീവ്രവാദ സംഘടനയുടെ മുഖപത്രമാണ് ബഷീറിൻറെ ആദ്യകാല കൃതികൾ.'പ്രഭാ' എന്നായിരുന്ന അദ്ദേഹത്തിൻറെ തൂലികാനാമം.ജയകേസരിയിൽ പ്രസിദ്ധീകരിച്ച 'തങ്കം' ആണ് ആദ്യമായി പ്രസിദ്ധീകരിച്ച കഥ.

സാമാന്യം നല്ല ഭാഷ അറിയുന്നവർക്ക് ബഷീർ സാഹിത്യം മനസ്സിലാകാതിരിക്കില്ല. അദ്ദേഹത്തിന്റെ കഥകൾക്കും കവിതകൾക്കും ജീവന്റെ ഗന്ധമുണ്ടായിരുന്നു. എല്ലാ അനാചാരങ്ങൾക്കും എതിരെ അവർ പ്രവർത്തിച്ചു.1958 ജൂലൈ 5 ന് അദ്ദേഹം അന്തരിച്ചു.



**ജോസ്ന രാജേഷ് ടി X A**

# <u>ലഹരിയുടെ ദൂഷ്യഫലങ്ങളും പ്രത്യാഘാതങ്ങളും</u>

ഇന്ന് നമ്മുടെ കേരളം ലഹരിക്ക് അടിമയാണ്. കൊച്ചുകുട്ടികൾ തുടങ്ങി മുതിർന്നവർ വരെ പ്രായഭേദമന്യേ എല്ലാവരും തന്നെ ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചുവരുന്ന കാഴ്ചയാണ് നാം കാണുന്നത്. നന്മയുടെ പാതയിൽ കുട്ടികളെ നയിക്കേണ്ടവർ തന്നെ നന്മയെ ചവിട്ടിത്താഴ്ത്തി കൊണ്ട് തിന്മയിലൂടെ സഞ്ചരിക്കുന്നത് ശരിയല്ല. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുമ്പോൾ ആരുംതന്നെ അതിന്റെ ദൂഷ്യ ഫലങ്ങളിലേക്ക് ചിന്തിക്കാറില്ല. ഒരു മനുഷ്യന്റെ ശാരീരികവും മാനസികവുമായ നാശത്തിന് ലഹരി കാരണമാകുന്നു. ഹൃദയം, വൃക്ക, കരൾ തുടങ്ങിയ മനുഷ്യശരീരത്തിലെ ഓരോ ഭാഗങ്ങളെയും നശിപ്പിച്ചു കളയുവാൻ ഇവയ്ക്ക് കഴിവുണ്ട്. ഇന്ന് നമ്മുടെ നാട്ടിൽ ആശുപത്രികളുടെ എണ്ണത്തിലുണ്ടാകുന്ന വർധനവിന് ഒരു കാരണം ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം തന്നെയാണ്. കുടുംബബന്ധങ്ങൾ തകരാനും ഇത് കാരണമാകുന്നുണ്ട് .കൊലപാതകങ്ങൾ, പിടിച്ചുപറി, മോഷണം എന്നിവ വർദ്ധിക്കുന്നതിന് ലഹരിയുടെ ഉപയോഗം മൂലമാണ്. ലഹരിയുടെ മയക്കത്തിൽ വണ്ടിയെടുത്ത് ചീറിപ്പായുന്ന പല യൗവനങ്ങളും അപകടക്കെണിയിൽ ജീവൻ ഹോമിക്കുന്നത് ഇന്ന് കേരളത്തിൽ പതിവുകാഴ്ചയാണ്. അതിനാൽ യുവാക്കളെ...... ഇനിയെങ്കിലും ലഹരി നമുക്ക് ഉപേക്ഷിക്കാം. ഒരു മനുഷ്യൻ നന്നാവുന്നതിലൂടെ ഒരു സമൂഹം നന്നാകുന്നു. ഒരു സമൂഹം നന്നാവുന്നതിലൂടെ ഒരു രാഷ്ട്രം നന്നാവുന്നു. അങ്ങനെ ലഹരി വിമുക്ത കേരളം എന്ന് നമുക്ക് ഓരോരുത്തർക്കും നമ്മുടെ കേരളത്തെക്കുറിച്ച് അഭിമാനിക്കാൻ ഇടവരട്ടെ.



മരിയ ഇവാഞ്ചല ജോർജ് VIII C

---

# പ്രളയം

കുറച്ചുനാളുകൾക്ക് മുമ്പ് കേരളത്തിൽ നടന്ന ഒരു പ്രകൃതി ദുരന്തത്തെക്കുറിച്ച് ആണ് ഞാൻ ഇവിടെ പരാമർശിക്കുന്നത്. പ്രകൃതിദുരന്തം ആണെങ്കിലും കേരള നാട്ടിലെ ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന മാറ്റമാണ് ഈ ദുരന്തത്തിന് വഴിയൊരുക്കിയത്

ജനങ്ങൾ പുഴക്ക് കൊടുത്ത മാലിന്യങ്ങൾ പുഴ തിരിച്ച് അവരുടെ വീടുകളിൽ എത്തിച്ചു. പ്രകൃതിയിൽ നമ്മൾ ചെയ്യുന്ന ചൂഷണങ്ങളുടെ ഫലമായാണ് പ്രകൃതി ഇങ്ങനെയൊരു പ്രതികരണം നടത്തിയത്. ഓരോ ദുരന്തവും ഓരോ പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. ജീവൻ തരുന്ന ജലത്തിന് ജീവൻ എടുക്കാനും കഴിവുണ്ട് എന്നു നാം ഓർക്കണം.ഇന്നത്തെ തലമുറ പ്രകൃതിയോട് ചെയ്യുന്ന ചൂഷണം അവസാനിപ്പിക്കേണ്ട ചുമതല നമുക്കുള്ളതാണ്.

അറുപത്തിരണ്ടാം കേരള പിറവി ദിനം കൊണ്ടാടിയ നമ്മൾ ആ ദിനത്തിൽ ചൊല്ലിയ പ്രതിജ്ഞയെ കുറിച്ച് ഓർക്കുന്നത് നല്ലതായിരിക്കും. അത് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാകുന്നുണ്ടോ എന്ന് എപ്പോഴെങ്കിലും നാം ചിന്തിച്ചിട്ടുണ്ടോ?

കാലാവസ്ഥ വ്യതിയാനമാണ് ഈ പ്രളയത്തിന് കാരണമെന്ന് പറയുന്നു. പക്ഷേ മനുഷ്യന്റെ പ്രകൃതിയോടുള്ള ക്രൂരകൃത്യത്തിന്റെ പ്രതിഫലനമല്ലേ ഈ പ്രളയം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പക്ഷേ പ്രളയത്തിലും മനുഷ്യകുലത്തിന് രക്ഷക്കായി ഒരുപിടി

നല്ല മനുഷ്യർ പോരാടിയിരുന്നു. കേരളത്തിന്റെ നാവികപ്പട എന്ന് നമ്മുടെ മുഖ്യമന്ത്രി വിവരിച്ച മത്സ്യത്തൊഴിലാളികൾ. സ്വന്തം നാടിന്റെ ജീവിതത്തിന് വെല്ലുവിളിയായി നിൽക്കുന്ന ഓളപ്പരപ്പിനെ നോക്കി ആർത്തട്ടഹസിച്ച് അതിലൂടെ തെന്നിനീങ്ങുന്ന വഞ്ചിയിൽ നൂറിലേറെ പേരെ കരയ്ക്കെത്തിച്ച ആ മനുഷ്യരെ കേരളം ഒരിക്കലും മറക്കില്ല.



പ്രളയശേഷം ദിവസൾ കടന്നുപോയി എന്നുള്ളൂ എങ്കിലും മനുഷ്യർക്ക് ഇന്നും വലിയ മാറ്റങ്ങളൊന്നും വന്നിട്ടില്ല. അവർ ജാതിയുടെയും മതത്തിനെയും പേരിൽ വാശിയും വൈരാഗ്യവും അക്രമവും ഉണ്ടാക്കുന്നു. ഓരോ അനുഭവവും ഓരോ പാഠങ്ങൾ മനുഷ്യരെ പഠിപ്പിക്കുന്നു. ആ പാഠങ്ങൾ അറിഞ്ഞ് ജീവിച്ചില്ലെങ്കിൽ ഇനിയും നാമും നമ്മുടെ നാട്ടും ദുരിതക്കയത്തിലേക്ക് വീണ്ടും അകപ്പെടാം. അതിനാൽ നമുക്ക് പ്രകൃതിയുമായി ഇണങ്ങി ജീവിക്കാം.



JOSEPH ADLINIX- IX B





Aswathy.s.Kumar X C

# Sir Issac Newton



1672-1727

The English mathematician and physicist who revolutionized scientific thinkin
g through his theories. He had an enormous influence on practical and theorical astronomy. He discovered the law of motion, still used today. He was the first person to split white light into the colours of the spectrum and his research in light led him to invent a reflecting telescope.



HELEN DAISY

IX C





**ANN MARIA.K.P <u>IXC</u>**

# <u>ROLE OF INDIAN YOUTH</u>

Young people can be of great help to country and can serve national cause if their energies are properly harnessed. Generally young people are ignored when the question of giving some important positions is concerned but they are always sough when ever the old generation wants to get help from them. The latter try to exploit them that is why the young people in India have not been playing any constructive role in the task of nation building. Indian youth can help the country in a better manner because they are respectful of their elders and follow the national tradition . But the power the youth has not yet been utilised .

A nation can make progress if the social customs and traditional do not remain stagnant . There should be a change for the better , in the living condition from time to time . A common man is conservative by nature, so he does not want any change in the working condition . If the old people manage the affairs of a nation they maintain status auo. Young people by giving a touch of newness and by taking initiative overhaul the social system of

the country. So the young people should revolt against the customs which have outlived their utility.

Young people can help in consolidating democratic set up. The older generation becomes selfish and utilitarian they are more earthly in their outlook on their other hand , young are generous and large hearted they can ignore minor lapses and they can also make sacrifices for public welfares . If this is done by the Indian youth the uplift the down trodden can never be a problem .

People should remain vigilant and should never allow themselves to be exploited by politicians. They should not became violent because that makes the law inoperative and causes a number of problem for the government . By being so they can stabilise the political condition and help the government.

Our system of education and general atmosphere prevailing in the country have made the young irresponsible . The Indian youth is not irresponsible because he is brought up in an atmosphere where responsibility is given greater importance .Is devotion to parents and elders can make him psychologically fit for taking up this role. Indian youth need direction .





RELNA NEHA VAS-IX C

## STUDENTS WANT DEGREE NOT KNOWLEDGE

1. One of the most acclaimed move of the former BJP Chief Minister Kalyan Singh to improve the standard of education in UP was foiled by the students . They voted the Party out . Raising the standard of education and bringing disciplines back to the temples of learning was in the interest of the students themselves. The high percentage of results based on large scale copying and adopting other means devalued students of UP in the employment mark. If they acquire knowledge they have fair changes of giving a good performance in the competitive examinations and interviews. A young man securing high percentage of marks in the examination by adopting unfiar means of copying and bribing the examiners is good for nothing . These practices show that the students want only degrees and not knowledge. Realisation comes only when they come to the employment market. It is too late to repent then

2.There is a small fraction of students who come from business community. They have not to enter the employment market . They have to join their business after the period of education. For them degree is just a show piece. It would decorate their visiting card and letter head . It would give them a status in the business community. That is what they feel when they are in a

collage or a university . It may be true of those who have to share a small business. But if they have to be business executive or sales executive they fail badly when they take up the job in their own establishment. A business executive has to deal with officials and has to study the intricacies of business. It all requires knowledge and not a degree. Even a man with foresight and knowledge having no degree can achieve great heights. Gujar Mal Modi,that industrial tycoon belonged to this category. But these are exceptions. In general knowledge counts. The sons of Modi are highly educated in different disciplines. They have attained even what their father could not

3.The whole system has become a vicious circle of people who would practise shortcut's, preach and teach short cuts and those who have to use the short cuts. Collages and universities have rather become centres of corrupt practices leading to degrees that serve no purpose

4.With the aim of securing degree some students even become mafias. they rule the roost . No one dare oppose them. For a reasonable amount of money they would manage everything  for one one who can pay. The  result is that session are extended and sometimes zero years are declared.

It is a general senior in schools, collages, and universities in bihar. Now uttar pradesh may have a lead over bihar in this degree manufacturing spree. The malady is now spread to the south too.A couple of years back a large number of examiners at the post graduate level in bangalore refused



HELEN DAISY IX C

# PLEASURE OF READING

"Reading makes a full man" so said bacon . Another eminent essayist, sir Richard steele said , "Reading is to the mint what exercise is to the body" .These saving imply that reading is a way of life important in development of the mint . Knowledge is infinite ant immeasurable . Such a knowledge is made available through books to anyone interested in its acquisition. As one gets into the habit of reading , one gets mental satisfaction and an intellectual development ,because one is able to know more of oneself, one's own tastes and aspiration , for aspiration happen to become the cause or reason for choice of proper books . Reading also offers relaxation to mind. The pleasure of relaxation got by an individual depends upon the nature of the material used in reading.

The pleasure of reading may be lost when wrong choice is made of reading materials. A person must be careful in choosing the right type of books . Cheap sensation books should be avoided, for instead of stimulation the intellect, they stimulation the emotions and lead one into wild thoughts. These are books for all time and books for the hours and it would be advisable to choose the former .

हरिचन्दन

# स्वच्छ भारत अभियान

स्वच्छ भारत अभियान भारतीय सरकार द्वारा चलाया जाने वाला एक राष्ट्रव्यापी सफाई अभियान हे|इस अभियान द्वारा भारत को गन्दगी-रहित बनाया जायेगा|इस अभियान में शौचालयों का निर्माण करवाना,पिने की साफ़ पानी हर घर तक पहुँचाना,ग्रामीण इलाकों में स्वछता कार्यक्रमों को बढ़ावा देना,सड़कों की सफाई करना और देश का नेतृत्व करने के लिए देश के बुनियादी ढाँचे को बदलना शामिल हे|

स्वच्छ भारत अभियान को क्लीन इंडिया मिशन  भी कहा जाता हे |स्वच्छ भारत का सपना राष्तापित्ता महामा गांधीजी ने देखा था |इस सन्दर्भ में गांधीजी ने कहा था की,"स्वच्छता स्वतंत्रता से ज्यादा जरुरी हे"|उनका ये कहना था की निर्मलता और स्वच्छता दोनों ही स्वस्थ और शान्तिपूर्ण जीवन का अनिवार्य भाग हे|

स्वच्छ भारत अभियान २ अक्टूबर २०१४ **(2 october 2014)** को गाँधी जयंती के दिन भारत के प्रधान मंत्री माननीय श्री नरेन्द्र मोदी जी ने राजघाट ,नयी दिल्ली में शुरू की|इस अभियान की शुरुवात में मोदी जी ने भारत के दो सुपुतों महात्मा गांधीजी और पूर्व प्रधान मंत्री श्री लाल बहादुर शास्त्री जी को श्राधांजलि दिए| गांधीजी के १४५ व जन्म दिन पर मोदी जी ने गांधीजी द्वारा देखा गया सपना को शुरू किया और २ अक्टूबर २०१९(बापू के १५०वि जन्म दिवस) तक पूरा करने का लक्ष्य रखा गया हे|

प्रधान मंत्री मोदीजी ने कहा की भारत को स्वच्छ बनाने का काम किसी एक व्यक्ति या अकेले सरकार का नहीं हे,ये काम तो देश के १२५ करोड़ लोगों जो भारत माता के संतान द्वारा किया जाना हे|उन्होंने कहा ही स्वच्छ भारत अभियान को एक जन आन्दोलन में तब्दील करना चाहिए|उन्होंने कहा की बापूजी के १५० वी जन्म दिवस पर उनके लिए सर्वश्रेष्ट


श्राधांजलि होगा|

स्वच्छ भारत अभियान के उद्देश्य व दिशा निर्देश हैं :

1. हर किसीको शौचालय का सुविधा उपलब्ध करा के खुले में शौच को पूरी तरह ख़तम करना हे|
2. बेकार के शौचालयों को फ्लशिंग शौचालय से परिवर्तित करना हे|
3. मैन्युअल स्केवेंजिंग सिस्टम को समाप्त करना हे|
4. गली मोहल्ले को साफ़ रखना हे,ग्राम पंचायत के माध्यम से सभी ठोस और तरल अपशिष्ट प्रभंधन सुनिश्चित किया जाएगा|साल २०१९ तक सभी परिवारों में पानी की आपूर्ति को सुनिश्चित करने के लिए गाँव में पाइप लाइन्स लगाया जायेगा|
5. उचित स्वछता उपयोग के लिए सार्वोजनिक जागरुकता ,इस मिशन का उद्देश्य लोगों के रवैये,मनोभावना और विचारों को बदलना हे|
6. सभी बर्बाद चीजें वेज्ञानिक प्रक्रियाओं द्वारा ठोस अपशिष्टों के रीसाइक्लिंग के माध्यम से पुन: उपयोग लायक बनाना हे|
7. ग्रामीण क्ष्येत्रों में लोगों के जीवन की गुणवत्ता में सुधर लाना जरुरी हे इसीलिए ये स्वस्थ्य शिक्षा जैसे जागरूकता कार्यक्रमों के माध्यम से समुदायों और पंचायातीं राज संस्थानों से प्रेरित करके स्थायी स्वछता को लाने के लिए किया गया हे|
8. ये भारत को एक स्वच्छ, सुंदर और विकसित देश बनाने का उद्देश्य रखताहे|

साथ ही ये हमारे भारत को एक सुंदर ,स्वच्छ और हराभरा देश बना देगा।अभी भी पूरी तरह से स्वच्छ बना नहीं हे पर अगर भारत का हर नागरिक इस सफाई अभियान को अपनी जिम्मेदारी मान के अपना कर्त्तव्य करेगा तो ये मिशन साल २०१९ तक ज़रुर कामयाब हो जायेगा। और हमें आजादी दिलाने वाले हमारे प्रिय बापूजी(महात्मा गाँधी) का स्वच्छ भारत का सपना पूरा हो जायेगा।

ं



जौण चाक्कौच्चन, VIIID

# मेरा सपना

हाय !कितना सुंदर है यह धरती/ नीले आसमान, चारों तरफ पेड़ पौधे, नादिया, जंगल, पत्थर पहाड़, चट्टानों ऑफ!बताते समय मेरा मन उरला गीत हो रहा है/ एक गोल पत्थर को भी अपना कहानी है/ प्रकृति के अक्षर है सब जीजेएम/ प्रकृति से हमको दुनिया के बारे में पढ़ सकते हैं

ईश्वर से कितना धन्यवाद बताना है/ कितने-कितने........ मेरा मन ईश्वर के प्यार से भर जाता है/ हमको इस धरती में खुशी के साथ रहने के लिए ईश्वर यह सब हमको देते हैं/ फिर भी आदमियों के बुरे व्यवहार से अपने प्रकृति कभी कभी प्रदूषण से भरता है

मेरा सपना है अपने धरती को समरक्षण करना/ जंगल पेड़ पौधे नदिया पहाड़ यह सब वरदान को हम अकल से उपयोग करना चाहिए/ इससे यह सब चीज से बहुत काल तक धरती में होगी/ अब सब लोग जंगलों का काटकर इबारत एम बना रहे हैं/ हमको इससे रोकना चाहिए और पेड़ पौधों को पालना चाहिए/ इससे हमारा धरती बहुत सुंदर और हरा हो जाएगा/ सपने में एक और कार्य भी है/ वह है' गरीबी से मुक्त लोग और गरीबी से मुक्त जनता'/ गरीबी मिटाने से हमें कार्डिंग प्रयत्न करना चाहिए हमारे राज्य की जनता के खुशी के लिए गरीबी मिटाना चाहिए

'सपने सच नहीं होते, जो सोते वक्त देखे जाते हैं

सपने सच होते हैं, जिनके लिए सोना छोड़ देते हैं'

इसलिए यह सपनों के लिए हम अपने सोने छोड़ कर काम करना है/ तोहरो हमारा सपना पूरा हो जाएगा/

'सपना देखो.....

सब दिन देखो.............

दिन में देखो.....

आगे बढ़ाओ.....'

# നന്ദിയുടെ ഒരു വാക്ക്

'***ശലഭങ്ങൾ***' ഇവിടെ പൂർത്തിയാകുമ്പോൾ മനസ്സിൽ സംതൃപ്തിയുടെ നിറവും ഹൃദയത്തിൽ സന്തോഷവും നിറയുന്നു .ലക്ഷ്യം സാക്ഷാത്കരിക്കാൻ ആയതിന്റെ നിർവൃതി മുഖത്ത് വിരിയുന്നു .ഇതിന് രൂപവും ഭാവവും നൽകിയ കൈകളും ഭാവനയിൽ നിറക്കൂട്ട് ചാലിച്ച് ആശയങ്ങൾക്ക് ജീവൻ നൽകിയ മനസ്സുകൾക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു .നല്ല ഒരു സന്ദേശത്താൽ ഈ യത്നത്തിന് കിരീടം ചാർത്തിയ ബഹുമാനപ്പെട്ട മാനേജർ സിസ്റ്റർ വിമൽ മരിയയ്ക്കും ഹെഡ്മിസ്ട്രസ് സിസ്റ്റർ ജിനിക്കും കൃതജ്ഞത യുടെ വാടാമലരുകൾ അർപ്പിക്കുന്നു .ഈ സംരംഭത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി സഹായിച്ച എല്ലാവർക്കും ലിറ്റിൽ കൈറ്റ്സിൻെറ പേരിൽ നന്ദി.ചെറുതെങ്കിലും ഉത്തമമായ കലാ സൃഷ്ടികളാൽ ഇതിനെ സർവ്വാഭരണ വിഭൂഷിതയാക്കിയ കൊച്ചു കലാകാരന്മാർക്കും കലാകാരികൾക്കും അധ്യാപകർക്കും ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം നന്ദി ................